പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5235 30.06.2014-ൽ മറുപടിക്ക്

## പുതുക്കാട് കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് പുതിയ ബസ്

ചോദ്യം

പ്രൊഫ. സി. രവീന്ദ്രനാഥ് :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സാമ്പത്തിക വർഷം കെ. എസ്.ആർ.ടി.സി. പുതിയ ബസ്സുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര ബസ്സാണ് വാങ്ങാൻ ഉദ്ദേശിക്കുന്നത്; | (എ) | ഉണ്ട്. 1500 ഷാസികൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ JnNURM പദ്ധതിപ്രകാരം 400 ബസുകൾ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. |
| (ബി) | പുതുക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് പുതിയ ബസ്സ് അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എത്ര ബസ്സാണ് എന്ന് വ്യക്തമാക്കാമോ? | (ബി) | പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ബസുകൾ അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്.<br>നിലവിലുള്ള 33 ഷെഡ്യൂളുകൾ ഓപ്പറേറ്റു ചെയ്യുന്നതിന് സ്പെയർ ഉൾപ്പടെ 36 വാഹനങ്ങൾ ആവശ്യമാണ്. നിലവിൽ പുതുക്കാട് ഡിപ്പോയിൽ 35 വാഹനങ്ങളാണ് ഉള്ളത്. ഒരു ബസിന്റെ കുറവുണ്ട്. പുതിയ ബസുകൾ നിരത്തിലിക്കുന്ന മുറയ്ക്ക് ആവശ്യമായ ബസുകൾ അനുവദിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ